കെട്ടിട നികുതി പിരിക്കുന്നതിന് പ്രത്യേകം സെൽ രൂപീകരിക്കുന്നതിന് നടപടി

67 (1626) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ പിരിച്ചെടുക്കുന്ന 100 മീറ്റർ സ്കയറിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കിവരുന്ന ടാക്സ് പിരിച്ചെടുക്കുന്നതിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ആകെ ഈ ഇനത്തിൽ എത്ര തുക സർക്കാരിന് പിരിഞ്ഞു കിട്ടാനുള്ളതായി കണക്കാക്കിയിട്ടുണ്ട് ;

(സി) ഈ തുക പിരിച്ചെടുക്കുന്നതിന് മതിയായ ഉദ്യോഗസ്ഥരുടെ അഭാവം റവന്യൂ വകുപ്പിൽ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പൂർത്തിയായ കെട്ടിടങ്ങളുടെ വിവരങ്ങൾ യഥാസമയം റവന്യൂ വകുപ്പിന് ശേഖരിക്കുവാൻ കഴിയാത്തതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതാതുമാസം പൂർത്തിയാകുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട തഹസീൽദാർക്ക് നൽകുവാൻ നിർദ്ദേശം നൽകുമോ ;

(ഇ) ഈ തുകകൾ കാലാകാലങ്ങളിൽ പിരിച്ചെടുക്കാത്തതുമൂലം സർക്കാരിന് കോടിക്കണക്കിന് രൂപയുടെ റവന്യൂ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ തുകകൾ യഥാക്രമം പിരിച്ചെടുക്കുന്നതിന് റവന്യൂതലത്തിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001 ജനുവരി 31 വരെ കെട്ടിട നികുതിയിനത്തിൽ 2.72 കോടി രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഇല്ല.

(എഫ്) ഇപ്പോഴത്തെ സംവിധാനം പര്യാപ്തമാണ്. പ്രത്യേകം സെൽ രൂപീകരിക്കേണ്ട ആവശ്യമില്ല.

വ്യാജ പട്ടയങ്ങൾ

68 (1627) ശ്രീ. കെ. എ. ചന്ദ്രൻ :

ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പാലക്കാട് ജില്ലയിലും, ഇടുക്കി ജില്ലയിലും വ്യാജപട്ടയത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഭൂമി കൈയടക്കി വച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേരളാ ഹൈക്കോടതിക്ക് സി.ബി.ഐ. റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാജപട്ടയങ്ങൾ റദ്ദാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഉണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി പാലക്കാട്/ ഇടുക്കി ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രൈംബ്രാഞ്ചും അന്വേഷണം നടത്തുന്നുണ്ട്. വ്യാജപട്ടയമാണെന്ന് തെളിയുന്ന കേസ്സുകളിൽ പട്ടയം റദ്ദു ചെയ്തു വരികയാണ്.

തൃശ്ശൂർ ജില്ലയിലെ പട്ടയ വിതരണം

69 (1628) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ; നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) തൃശൂർ ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്ക് പട്ടയം കൊടുത്തിട്ടുണ്ട് ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) മിച്ചഭൂമി, ജില്ലയിൽ എത്ര ഏക്കർ വിതരണം ചെയ്തു ; എത്ര പേർക്ക് മിച്ചഭൂമി നൽകിയിട്ടുണ്ട് ;

(ഡി) മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ ജില്ലയിൽപ്പെട്ട നിയോജകമണ്ഡലങ്ങളിലാകെ 1157 പുതിയ പട്ടയങ്ങൾ താഴെപറയും പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

കുന്നംകുളം നിയോജകമണ്ഡലം	80 എണ്ണം
ചേർപ്പ് നിയോജകമണ്ഡലം	25 ,,
ഒല്ലൂർ നിയോജകമണ്ഡലം	281 ,,
തൃശൂർ നിയോജകമണ്ഡലം	20 ,,

LIBRARY ARCHIVES Kerala Legislative Assembly